മറ്റ് 6 പഞ്ചായത്തുകളിലേക്കുള്ള വിതരണ ശൃംഖലയുടെ എസ്റ്റിമേറ്റ് അനുമതി നൽകുന്നതിനായി പരിശോധിച്ചുവരുന്നു. 12 പഞ്ചായത്തിലേക്കുള്ള വിതരണ ശൃംഖലയുടെ മാപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(എഫ്) കാവാലം ഒ.എച്ച്. ടാങ്ക് റീ-ടെണ്ടർ ചെയ്യുന്നതിനുവേണ്ടി പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് പരിശോധനയിലാണ്. തകഴി ഒ.എച്ച്. ടാങ്കിന്റെ പണികൾ ആരംഭിക്കുന്നതിനുവേണ്ടി എഗ്രിമെന്റ് വച്ചുവെങ്കിലും ടാങ്കിന്റെ സ്ഥാനം മാറ്റേണ്ടി വന്നതിനാൽ ഡീവിയേഷൻ പ്രൊപ്പോസൽ അംഗീകാരം ലഭിക്കേണ്ടതുണ്ടായിരുന്നു. ഇപ്പോൾ അംഗീകാരം ലഭ്യമായിട്ടുണ്ട്.

(ജി) ഇക്കാര്യം പരിശോധിച്ച് തീരുമാനിക്കും.

മൈനർ ഇറിഗേഷൻ പദ്ധതി നടപ്പാക്കൽ

170 (859) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വകുപ്പ് ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം ഇനം തിരിച്ച് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) എത്ര തുക പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തി ഭരണാനുമതി ലഭ്യമാക്കിയെന്നും ആയവയുടെ നിലവിലുള്ള പുരോഗതി എന്തെല്ലാമെന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

ജലനിധി പദ്ധതിയുടെ രണ്ടാംഘട്ടം

171 (860) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതിയുടെ രണ്ടാംഘട്ടം 8 ജില്ലകളിലെ 200 പഞ്ചായത്തുകളിൽ ആരംഭിക്കുമെന്ന് 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly